**ഭരണഭാഷ – മാതൃഭാഷ"**

# കേരള സർക്കാർ

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (എ) വകുപ്പ്**

**സ.ഉ. (സാധാ) നം.119/2024/വ.ശി.വി.വ തീയതി, തിരുവനന്തപുരം, 16.03.2024**

പരാമർശം:-
1. സ.ഉ.(അച്ചടി)നം.15/2022/വശിവിവ തീയതി 24.08.2022.
2. വനിത ശിശു വികസന ഡയറക്ടറുടെ 16.01.2024 ലെ ഡിഡബ്ല്യൂസിഡി/6977/2023-ഇ 9 നമ്പർ നടപടി ക്രമങ്ങൾ.
3. സ.ഉ.(സാധാ)നം.358/2022/വശിവിവ തീയതി 04.08.2022.
4. വനിത ശിശു വികസന ഡയറക്ടറുടെ 11.02.2024-ലെ ഡിഡബ്ല്യൂസിഡി/3885/2022-ഇ 9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലാതല ഐ.സി.ഡി.എസ് സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ലത സി.ആർ-ന് പരാമർശം (2) പ്രകാരം പെൻഷൻ പ്രാരംഭാവധിയായി വിനിമയാവധി അനുവദിച്ചതിനെതുടർന്ന് പാലക്കാട് ജില്ലയിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ക്രമ നമ്പർ 6 വരെയുള്ളവർക്ക് പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 7 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ഷക്കീല കെ-യ്ക്ക് 30.06.2023 അപരാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് സ്വയം വിരമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിനാൽ പാലക്കാട് ജില്ലയിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് നിലവിലെ സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ 8 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ജെംലാ റാണി എ.കെ. ഉദ്യോഗക്കയറ്റം നേടുന്നതിന് അർഹത നേടിയിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നു. ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി.ജെംലാ റാണി എ.കെ. പരാമർശം (3) പ്രകാരം 19.08.2022 മുതൽ കൊല്ലം ജില്ല ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചുവരുകയാണെന്നും ടി കാലാവധി 18.08.2024 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ അന്യത്ര സേവനം റദ്ദ് ചെയ്ത് ഒഴിവുള്ള പാലക്കാട് ജില്ലാതല ഐ.സി.ഡി.എസ് സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി.ജെംലാ റാണി എ.കെ-യുടെ (PEN 214190) കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലെ അന്യത്ര സേവനം റദ്ദ് ചെയ്ത് 55200-115300 രൂപ ശമ്പള സ്കെയിലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള പാലക്കാട് ജില്ലാതല ഐ.സി.ഡി.എസ് സെല്ലിൽ പ്രോഗ്രാം ഓഫീസർ തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സന്തോഷ് കുമാർ ടി.കെ.
അഡീഷണൽ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
ശ്രീമതി.ജെംലാ റാണി എ.കെ., ശിശുവികസന പദ്ധതി ഓഫീസർ (വനിത ശിശു വികസന ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.